പദ്ധതിക്ക് സർക്കാർ ഉത്തരവ് നമ്പർ 327/13/WRD തീയതി 23-3-2013 പ്രകാരം ഭരണാനുമതിയും സർക്കാർ ഉത്തരവ് നമ്പർ 92/14/WRD തീയതി 28-1-2014 പ്രകാരം സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചിട്ടുണ്ട്. 3-11-2014-ൽ പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനവും നടന്നു.

കാവേരി ടൈബ്യൂണലിന്റെ അന്തിമ വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ഭവാനി ബേസിനിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന AVIP എന്ന പദ്ധതിക്ക് G.O. (Rt)No.1031/2012/WRD dt. 22-8-2012 പ്രകാരം, തത്വത്തിലുള്ള അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ CPWD നിരക്കിൽ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

പദ്ധതിക്കാവശ്യമായ പരിസ്ഥിതി ആഘാത പഠനം NEERI നടത്തി റിപ്പോർട്ട് സമർപ്പിച്ചു. SEIAA യിൽനിന്നും പാരിസ്ഥിതികാനുമതി ലഭിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതുപോലെ റിസ്ക് അനാലിസിസ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ കൂടി തയ്യാറാക്കേണ്ടതുണ്ട്. അതിനായുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) പാമ്പാർ ബേസിനിൽ തുടങ്ങാനുദ്ദേശിച്ചിട്ടുള്ള പദ്ധതിക്കായി പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിയമപരമായ തടസ്സങ്ങളൊന്നും നിലവിലില്ല. എന്നാൽ തമിഴ്നാട് സർക്കാർ പ്രസ്തുത പദ്ധതിയെ എതിർത്തുകൊണ്ട് ചില തടസ്സങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഭവാനി ബേസിനിൽ തുടങ്ങാനുദ്ദേശിക്കുന്ന പദ്ധതിമൂലം മുങ്ങിപ്പോകാവുന്ന വനഭൂമിക്ക് പകരം 73 ഹെക്ടർ സ്ഥലം കണ്ടെത്തി വനം വകുപ്പിന് കൈമാറേണ്ടതുണ്ട്. പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും ലഭിക്കേണ്ടതുണ്ട്.

(ഡി)മുകളിൽ സൂചിപ്പിച്ച പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് വഴി നടപ്പാക്കുന്ന പദ്ധതികൾ

159 (4445) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് വഴി ഏതൊക്കെ പദ്ധതികളാണ് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതികൾക്കായി ഓരോന്നിനും എന്ത് തുക അനുവദിച്ചു എന്നും എന്ത് തുക വീതം ചെലവഴിച്ചു എന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജല വിഭവ വകുപ്പിൽ മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് വഴി ഏതൊക്കെ പദ്ധതികളാണ് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളത് എന്നും ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി മണ്ഡലത്തിൽ തീരപ്രദേശങ്ങളിൽ അനുഭവപ്പെട്ട രൂക്ഷമായ കടൽക്ഷോഭം ചൂണ്ടിക്കാണിച്ച് കടൽഭിത്തി നിർമ്മാണം എന്ന ആവശ്യത്തിന് എത്ര നിവേദനങ്ങൾ ലഭിച്ചിരുന്നു; അത് ഏതെല്ലാം; ആരിൽ നിന്നെല്ലാം; ഏതെല്ലാം പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണം ആവശ്യപ്പെട്ടാണ് നിവേദനം ലഭിച്ചിട്ടുള്ളത്;

(ഡി) ഇത് പരിഗണിച്ച് പ്രസ്തുത പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ജലവിഭവ വകുപ്പിന് കീഴിൽ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; വിശദമാക്കുമോ;

(എഫ്) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന് കീഴിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും (കൊയിലാണ്ടി മണ്ഡലത്തിൽ നിന്നുള്ളത്) എത്ര നിവേദനങ്ങൾ/പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ചിട്ടുള്ള പരാതികൾ ഓരോന്നും എന്തെല്ലാം ആവശ്യങ്ങൾക്കായിരുന്നു; പരാതികൾ/നിവേദനങ്ങൾ ഏത് നിലയിൽ സർക്കാർ പരിഗണിച്ചു; എന്ത നടപടികൾ ഓരോ പരാതിയിലും സ്വീകരിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ-ഇ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(എഫ്) 45 നിവേദനങ്ങൾ/പരാതികൾ ലഭിച്ചിട്ടുണ്ട്. , വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതോടൊപ്പം പരാതികൾ തീർപ്പാക്കാൻ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly